# ഭവന ശുദ്ധീകരണം

(ഭവന ശുദ്ധീകരണ സമയം ഒരു മേശമേൽ ഒരു കുരിശും രണ്ടു കത്തിച്ച മെഴുകുതിരിയും ഒരു പാത്രത്തിൽ വാഴ്ത്തി ശുദ്ധീകരിച്ച് തളിക്കാനുള്ള വെള്ളവും കിഴക്കുപടിഞ്ഞാറായി ഭവനത്തിന്റെറ ഏറ്റവും സ്വകര്യമുള്ള സ്ഥാനത്തു വെയ്ക്കുക. ശുശ്രൂഷ നടത്താനുള്ള പുരോഹിതൻ ഉൾപ്പെടെ എല്ലാവരും ഇതിനു പിന്നിലായി നിൽക്കുക. ഇപ്പോൾ ഭവനവാഴ്‌ ആരാധന തുടങ്ങാനുള്ള സമയമായി)

പുരോഹിതൻ: പിതാവിനും, പുത്രനും പരിശുദ്ധ റൂഹായക്കും സ്തുതി

പ്രതിവാക്യം: ആദിമുതൽ എന്നും എന്നേയ്ക്കും തന്നെ, ആമ്മീൻ.

പുരോഹിതൻ: തന്റെ സ്തൂതികളാൽ സ്വർഗത്തിലും ഭൂമിയിലും നിറയപ്പെട്ടിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തൂതി.

പ്രതിവാക്യം; ദൈവമായ കത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു, ഉയരങ്ങളിൽ സ്തുതി.

പുരോഹിതൻ: ദൈവമേ നീ പരിശുദ്ധനാകുന്നു

പ്രതിവാക്യം: ബലവാനേ നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട മിശിഹാ തമ്പുരാനേ ഞങ്ങളോടു കരുണ ചെയ്യണമേ

(മൂന്നുപ്രാവശ്യം)

പുരോഹിതൻ: കത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ

പ്രതിവാക്യം: കത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ കത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

പുരോഹിതൻ: ദൈവമേ തനിക്കു സ്തുതി

പ്രതിവാക്യം: സൃഷ്ടാവേ തനിക്കു സ്തൂതി പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മിശിഹാ രാജാവേ തനിക്കു സ്തുതി, ബാറെക്മോർ.

പുരോഹിതൻ: സ്വഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

പ്രതിവാക്യം: ഞങ്ങളുടെ തിരുനാമം പരിശുദ്ധമാകപ്പെടേണമെ. തിരുരാജ്യം വരേണമെ. തിരുവിഷ്ടം സ്വഗ്ഗത്തിലെപോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾതരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമെ, തനിക്കു സമാധാനം,

പ്രതിവാക്യം: നമ്മുടെ കത്താവ് തന്നോടു കൂടെ, താൻ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; തൻെറ വയറ്റിൽ ഫലമായ നമ്മുടെ കർത്താവേ ശോമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യകമർത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും

എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവം തമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ

പുരോഹിതൻ: (ശുബഹോലോ....) പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തൂതി.

പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽകരുണയും അനുഗ്രഹങ്ങളും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമെ.

പുരോഹിതൻ: യേശുമിശിഹാ, ഞങ്ങളുടെ കത്താവേ, തിരുസമാധാനവും ശാന്തിയും ഈ ഭവനത്തിൽ വസിപ്പിച്ച് ഇതിലുള്ളവരവു ചെലവുകൾ തിരുനാമ മഹത്വത്തിനും നീതിയുടെ പരിപാലനത്തിനും ആയിരിക്കുമാറാകേണമെ. തന്നിൽ നിന്നു ള്ള സകല നന്മകളാലും അനുഗ്രഹങ്ങളാലും ഇതിനെ ഐശ്വര്യപ്പെടുത്തി ഇതിൽ വസിക്കുന്നവക്കു മുഖപ്രസന്നത നൽകേണമെ. ആയുഷ്ക്കാലം മുഴുവനും രഹസ്യ കാര്യങ്ങളിരും പരസ്യ കാര്യങ്ങളിലും ഇവർ തന്നെ പ്രീതിപ്പെടുത്തുവാനിടയാകണമെ. ഞങ്ങളുടെ കത്താവും നിത്യദൈവവുമേ! യേശുമിശിഹാ, ഇവരുടെ മരിച്ചു പോയവക്കു ആശ്വാസവും നല്ല ഓർമ്മയും എപ്പോഴും നൽകേണമെ. ആമ്മീൻ മോറാൻ വാലോഹാൻ....

എന്നാത്മാവിനെ തങ്കലുയത്തുന്നേൻ നാഥാ! – ഹാലേലുയ്യ
താനെൻ ശരണം-ലജ്ജിക്കരുതേ ഞാൻ.
വൈരികളെന്നെച്ചൊല്ലിപ്പുകഴരുതേ - ഹാലേലുയ്യ
ലജ്ജിക്കരുതേ തന്നാശ്രിതരാരും.
ദോഷികൾ നാണിക്കും പാഴ്പ്പണിയിൽ - ഹാലേലുയ്യ
നാഥാ! തൻപാതകളെന്നെക്കാട്ടിടുക.
അറിയിക്കണമെന്നെ തൻ ചെറുവഴികൾ - ഹാലേലുയ്യ
നേരിൽ നയിച്ചെന്നെപ്പരിശീലിപ്പിക്ക. ബാറെക്മോർ

നരവത്സലനേ! ജലനിധിയിൽ
നിബി യോനായേ വീണ്ടവനേ
ദുരിതമഹാജല നിധിയതിൽ ത-
ന്നടിയാരേ വീണ്ടീടേണം സ്കൌമൻകാലോസ് കുറിയേലായിസോൻ

പുരോഹിതൻ: നാം എല്ലാവരും പ്രാത്ഥിച്ച്കത്താവിനോട് അനുഗ്രഹങ്ങളും കരുണയും യാചിക്കണം.

പ്രതിവാക്യം: അനുഗ്രഹിക്കുന്നവനായ കത്താവേ! ഞങ്ങളോടു കരുണ ചെയ്ത് ഞങ്ങളെ സഹായിക്കണമെ.

പുരോഹിതൻ: പാപികൾക്കായി തുറന്നിട്ടിരിക്കുന്ന കരുണയുടെ വാതിലും മരണമുള്ളവരെ ജീവിപ്പിച്ചതായ രക്ഷയുടെ തുറമുഖവും അശുദ്ധരെ വെടിപ്പാക്കുന്ന സോപ്പായും മലിനരെവെൺമയാക്കുന്ന തളിപ്പും ആയ കത്താവിനു സ്തുതി. തന്റെ ദാസന്റെ ഭവന ശുദ്ധീകരണത്തിന്റെ ഈ സമയത്തും സകല പെരുന്നാളുകളിലും കാലങ്ങളിലുംനേരങ്ങളിലും ഞങ്ങളുടെ അവസാന നാൾ വെരെയും തനിക്കും തന്റെ പുത്രനും തന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകേണമെ.. ബ്കുലഹുൻ....

പ്രതിവാക്യം: ആമ്മീൻ.

പുരോഹിതൻ: ഞങ്ങളുടെ പ്രാത്ഥനകൾ സ്വീകരിക്കുകയും യാചനകൾക്കു ഉത്തരമരുളുകയും ചെയ്യുന്ന ദൈവമായ കത്താവേ, യേശുക്രിസ്തുവേ! ആദ്യ കടിഞ്ഞൂലായ ഹാബേലിന്റെ കാഴ്ച അംഗീകരിക്കപ്പെട്ടതുപോലെ ഞങ്ങളുടെ ധൂപത്തേയും കൈക്കൊള്ളണമെ. ഹാനോക്ക് തന്റെ ശുശ്രൂഷ മൂലം പ്രീതിപ്പെടുത്തിയതു പോലെ ഞങ്ങളുടെ ശുശ്രൂഷയും പ്രീതികരമായിഭവിക്കേണമെ. നീതിമാനായ നോഹിൻ്റെ ബലിയാൽ സംപ്രീതനായി ത്തീന്ന പ്രകാരം ഞങ്ങളുടെ അധരഫലത്തിൽ പ്രീതിപ്പെടുമാറാകണമെ. യേശുമിശിഹാ, കത്താവേ! ഞങ്ങളുടെ പിതാവും തന്റെ സ്നേഹിതനുമായ അബ്രഹാമിന്റെ വിശ്വാസം ആനന്ദകരമായിത്തീന്നതു പോലെഞങ്ങളുടെ പ്രാത്ഥന ആനന്ദിപ്പിക്കുമാറാകണമെ. നീതിമാനായ ഇയ്യോബിന്റെ അടുക്കൽ ദുഷ്ടൻ ലജ്ജിതനായതുപോലെ ഈ ഭവനത്തിന്റെ ശ്രതുവായ ദുഷ്ടൻ ലജ്ജിച്ചുപോവാനിടയാകണമെ. ശ്രേഷ്ഠാചാര്യനായ അഹറോന്റെ ധൂപം മുഖാന്തിരം ഇസ്രായേൽ ജനത്തിൽ നിന്നു വസന്ത നിരോധിക്കപ്പെട്ടതു പോലെ കഠിന

ശിക്ഷകളും കോപവടികളും ഞങ്ങളിൽ നിന്നു നിരോധിക്കണമെ. ആചാര്യനായ സ്ക്കറിയായ്ക്ക് തന്റെ ശുശ്രൂഷയിൽ തിരു മുന്നോടിയായ യോഹന്നാനെക്കുറിച്ചുള്ള അറിയിപ്പുണ്ടായതു പോലെ ഞങ്ങളുടെ ശുശ്രൂഷ മൂലം ജീവന്റെയും രക്ഷയുടെയും അറിയിപ്പു ഞങ്ങൾക്കും ഉണ്ടാകുമാറാകണമെ. കത്താവേ! ചുങ്കക്കാരനായ സഖായിയോടെന്ന പോലെ തിരുവചനം മൂലം ഞങ്ങളുടെ പാപങ്ങളെ ക്ഷമിക്കണമെ. ഭാഗ്യവാനായ ശ്ലീഹന്മാരിൽ തലവനായ ശെമവൂന്റെ പ്രാത്ഥന അംഗീകരിക്കപ്പെട്ടുതു പോലെ മഹാപാപികളായ ഞങ്ങളുടെ അപേക്ഷയും കേൾക്കണമെ. ആ പാപിനിയുടെ കടങ്ങൾ ക്ഷമിച്ചതുപോലേ ഞങ്ങളുടെ മഹാപാപങ്ങളേയും ക്ഷമിക്കണമെ. കത്താവേ! ആസ്ധ്തീ അവളുടെ വിഷമതരമായ രോഗത്തിൽ നിന്ന് സുഖം പ്രാപിച്ചതുപോലെ അനാദ്യന്തമായ തിരുകരുണ ഞങ്ങളിലും പ്രത്യക്ഷപ്പെടുമാറാകണമെ. ക്നാനായക്കാരിയുടെ മകളിൽ നിന്ന് ദുഷ്ടനെ ഓടിച്ചുകളഞ്ഞതുപോലെ ശത്രുവിന്റെ ശക്തിയെ ഞങ്ങളിൽ നിന്നു ദുരീകരിക്കേണമെ. സുന്ദര പുരുഷനായ ദാനിയേലിനെപ്പോലെ തിരുസന്നിധിയിൽഞങ്ങൾക്കും വിജയം നൽകണമെ. ജ്വലിക്കുന്ന തീച്ചൂളയിൽ വെച്ച് ഹാനനിയാ ആദിയായവരുടെ ബന്ധനങ്ങൾ അഴിക്കപ്പെട്ട പ്രകാരം പൈശാചിക ബന്ധനങ്ങളെ ഞങ്ങളിൽ നിന്ന് അഴിച്ചുകളുയണമെ. നിന്റെ ആചാരര്യന്മാക്കും ശെമ്മാശ്ശന്മാക്കുംതിരുവിഷ്ടം നിവഹിച്ചു ആചരിക്കുവാൻ കൃപ നൽകണമെ. സ്വശ്ലീയമായ തവ ശ്രീഭണ്ഡാരത്തിങ്കൽ അവർ വിശ്വസ്തരായി ഭവിക്കുമാറാകണമെ. തിരുവചനപ്രകാരം ഭക്തിയോടെ നിന്റെ ഇടവകയിലെ ആടുകളെ അവർ മേയിക്കുമാറാകണമെ. നിന്റെ വിശുദ്ധ മാഗ്ങ്ങളിൽ കൂടി അവർ സഞ്ചരിക്കുകയും ജീവദായകങ്ങളായ തിരു കത്തൃകല്പനകളെ ആചരിക്കുകയും ചെയ്യുമാറാകണമെ. ഇപ്പോൾ ഈ ഭവനത്തിനും ഇതിലെ നിവാസികൾക്കും വേണ്ടി കരുണയും കൃപയും യാചിക്കുന്നു. ഈ നിന്റെ ഭൃത്യന്റെ യാചന തിരുസന്നിധിയിൽ എത്തുകയും ഈ ഭവനം ഐശ്വര്യമുള്ളതായിത്തീരുകയും ഇതിലെ നിവാസികൾ കുറ്റമില്ലാത്തവരായിത്തീന്നു രക്ഷപ്രാപിക്കയും ചെയ്യുമാറാകണമെ. തവ കുഞ്ഞാടുകൾ നിന്റെ പുൽമാലകളിൽ മേയുകയും തവ പെണ്ണാടുകൾ തിരു നന്മകളാൽ തൃപ്തരാവുകയും ഞങ്ങളെല്ലാവരും കരുണ പ്രാപിക്കയും ചെയ്യൂമാറാകണമെ. പാപികളിൽ കരുണ ചെയ്യുന്നവനും അനുതാപികളിൽ പ്രീതിപ്പെടുന്നവനുമായ കുത്താവേ! നിന്റെ മഹാകരുണയാൽ ഞങ്ങളിൽ കനിവു തോന്നി ഞങ്ങളെ അനുഗ്രഹിക്കയും തിരുവുള്ളം തോന്നി ഞങ്ങളുടെ പ്രാത്ഥനകളും ധൂപവും അംഗികരിക്കയും ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കയും ഞങ്ങൾക്കും വിശ്വാസികളായ ഞങ്ങളുടെ പരേതക്കും പാപമോചനം നൽകുകയും ചെയ്യണമെ. ഞങ്ങൾ തനിക്കും തൻെറ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ......

പ്രതിവാക്യം: ആമ്മീൻ.

പുരോഹിതൻ: ദൈവത്തിൽ നിന്നു കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ.

പ്രതിവാക്യം: ആമ്മീൻ.

അൻപുടയോനേ നിൻ വാതിൽ
മുട്ടുന്നു ദാസർ നാദം
ആവശ്യത്താൽ യാചിക്കും
അടിയാരെ തള്ളീടല്ലേ

അലിവൊടു ശിക്ഷിച്ചടിയാരെ
അരിശം നീക്കി ക്കാക്കണമെ
വാതിൽ തുറന്ന പ്രാത്ഥനയിൻ
നാദം കേട്ടേകീടണമെ.

നിന്നെ വിളിക്കുന്നേ നാഥാ!
നിന്നുതവിക്കായ് ബലഹീനർ

നല്ലവനേ കാരുണ്യത്താൽ
നൽകണമേ യാചിപ്പുകളെ

കത്താവേ കാരുണ്യത്താൽ
കനിവടിയാരിൽ ചെയ്യണമെ
നന്മനിറഞ്ഞോനേയെന്റെ
തിന്മകളെ നീ യോക്കരുതേ.

(അല്ലങ്കിൽ)

മുട്ടുന്നു കരുണാ നിധിയേ!
യാചനയിൻദ്ധനി നിൻവാതിൽ
നിന്നാരാധകരർപ്പിക്കും
യാചനയേ രോധിക്കരുതേ.

നീ സദയം ശിക്ഷിച്ചിവരെ
കോപം നീക്കിക്കാക്കേണം
പ്രാത്ഥനകൾക്കായി വാതിൽ തുറ-
ന്നൻപാലുത്തരമേകണമെ. ബാറെക്മോർ - ശുബഹോ....

കെൽപ്പില്ലാത്തതിനാൽ താങ്ങി-
ന്നാഹ്വാനം ചെയ്യുന്നീശാ!
സത്തമനേ! ഇപ്രാത്ഥന കേ-
ട്ടൻപാലുത്തരമേകണമെ. മെനഗാലം,

നാഥാ! നിൻകൃപയിൻ വായ്പാൽ
ചെയ്യൂണമേ കൃപ ചെയ്യണമേ.
ഓക്കരുതേ കരുണാ നിധിയേ!
മാമകമാം ദുഷ്കൃത്യങ്ങൾ.

ഹാലേലുയ്യു--ഉ ഹാലേലുയു -- നാഥാ! നിൻ വെളിച്ചം വിശ്വാസമതും നൽകീടണമേ- സാന്ധ്വനമരുളിപ്പാവനഗിരിശിബിരങ്ങളിലേക്കു- നയിച്ചീടണമെന്നെ—ഹാലേലുയ്യു

## ഏവൻഗേലിയോൻ

ബാറെക്മോർ, നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ വി. ഏവൻഗേലിയോനിലെ, ദൈവത്തിന്റെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

പുരോഹിതൻ; നിങ്ങൾക്കെല്ലാവക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

പ്രതിവാക്യം: അവിടുത്തെ ആത്മാവിനോടു കൂടെ ദൈവമായ കത്താവു ഞങ്ങളേയും യോഗ്യരാക്കിത്തീക്കുമാറാകട്ടെ.

പുരോഹിതൻ: ജീവൻ നൽകുന്ന സുവിശേഷമായ നമ്മുടെ കത്താവേശു മിശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ. ലോകത്തിനു ജീവനും രക്ഷയും പ്രഘോഷിക്കുന്ന പ്രസംഗകനായ പ. ലൂക്കോസ് ഏവൻഗേലിസ്ഥായിൽ നിന്ന്.

പ്രതിവാക്യം: വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. നമ്മുടെ രക്ഷയ്ക്കായി തന്നെ അയച്ചവനു സ്തുതികളും നാം എല്ലാവരുടെ മേൽ തൻെറ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

പുരോഹിതൻ: പരിശുദ്ധ കന്യകമറിയാമ്മിൽ നിന്നു ശരീരിയായിത്തീന്ന ദൈവവും ജീവന്റെ വചനവും നമ്മുടെ രക്ഷകനുമായ കത്താവേശുമിശിഹായുടെ വ്യാപാരകാലത്ത് ഇവ ഇപ്രകാരം സംഭവിച്ചു.

പ്രതിവാക്യം: അങ്ങിനെ ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു

പുരോഹിതൻ: (വി. ലൂക്കോസ് 19: 1-10)

യേശു യെറീഹൂവിൽ കൂടി കടന്നു പോകുമ്പോൾ ധനവാനും ചുങ്കക്കാരുടെ പ്രമാണിയുമായ "സഖായി?" എന്നു പേരുള്ള ഒരുവൻ യേശു ഏതാണെന്നു കാണുവാനാഗ്രഹിച്ചു. പുരുഷാരം നിമിത്തം അതു കഴിഞ്ഞില്ല. എന്തെന്നാൽ സഖായി പൊക്കും കുറഞ്ഞവനായിരുന്നു. അവൻ യേശുവിനെ കാണുവാനായിട്ട് ഓടി മുമ്പിൽ കടന്ന്കാട്ടതീത്ത വൃക്ഷത്തിൽ കയറി. അതിലെയായിരുന്നു യേശുവിന് പോകേണ്ടിയിരുന്നത്. ആ സ്ഥലത്തെത്തിയപ്പോൾ യേശു അവനെ കണ്ടിട്ടു അവനോട് "സഖായി! നീ വേഗം ഇറങ്ങി വരിക. ഇന്നെനിക്കു നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു?" എന്നു പറഞ്ഞു അവൻ വേഗം ഇറങ്ങിച്ചെന്ന് സന്തോഷത്തോടെ യേശുവിനെ സ്വീകരിച്ചു. എല്ലാവരും അതുകണ്ട് നീരസപ്പെട്ട് "ഇവൻ പാപിയായ മനുഷ്യന്റെ അടുക്കൽ ചെന്ന് താമസിച്ചുവല്ലോ"" എന്നു പറഞ്ഞു. സഖായി നിന്നുകൊണ്ട് യേശുവിനോട് ""കത്താവേ! ഇതാ എൻെറ വസ്തുക്കളിൽ പകുതി ഞാൻ ദരിദ്രക്കു കൊടുക്കുന്നു. ഏതൊരുവനിൽ നിന്നെങ്കിലും ഞാൻ അപഹരിച്ചിട്ടുണ്ടെങ്കിൽ ഒന്നിനു നാലു വീതം തിരിച്ചു കൊടുക്കുകയും ചെയ്യുന്നു"" എന്നു പറഞ്ഞു. യേശു പറഞ്ഞു "ഇവനും അബ്രഹാമിന്റെ പുത്രനാകകൊണ്ട് ഇന്നു ഈ ഭവനത്തിനു രക്ഷയുണ്ടായി. എന്തെന്നാൽ കാണാതെ പോയിട്ടുള്ളതിനെ അന്വേഷിപ്പാനും രക്ഷിക്കുവാനുമായിട്ടാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്.""

കത്താവേ! നിന്നാദ്രത നിറയും വാതിൽ തുറന്ന
പ്രാത്ഥന ക്േട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

ഗൂഡം വീട്ടിൽ പ്രാത്ഥിപ്പതിലാണുടയോനിഷ്ടം
ശബ്ദുത്താലല്ലാന്നതു ഭാഗ്യം ധമ്മിഷ്ഠന്മാർ.

സൌമ്യൻ മോശ പ്രാത്ഥന മൂലം ഭാഗിച്ചാഴി
കൂട്ടം നീങ്ങി; ദുഷ്യൻ ഫറവോൻ മുങ്ങിപ്പോയി.

ദാവീദിൻ പ്രാത്ഥന കേട്ടീശന്നാദ്രത തോന്നി
പാപം മോചിച്ചേകി വീണ്ടും പ്രവചനശക്തി.

ചൂളക്കുള്ളിൽ ഹാനനിയന്മാർ പ്രാത്ഥിച്ചുപ്പോൾ
തീക്കുണ്ഡത്തീന്നവരെ ദൈവം സംരക്ഷിച്ചു.

നിര്യാണം ന്യായത്തിൻ പീഠം നരകം മൂന്നും
ഭീയെറ്റീടുന്നെൻ കത്താവേ! എന്നുള്ളത്തിൽ.

പുരോഹിതൻ: ദൈവാധിദൈവവും കത്താധികത്താവും വിശ്വാസപൂവ്വം തന്നെ വിളിക്കുന്നവക്കു മറുപടി നൽകുന്നവനുമായുള്ളോവേ! ബലഹീനനും പാപിയുമായ ദാസനാകുന്ന ഞാൻ അയോഗ്യനെങ്കിലും എൻെറ ബലഹീനമായ പ്രാത്ഥന സ്വീകരിക്കേണമെ. നോഹിനേയും മക്കളേയും മൃഗങ്ങളേയും പക്ഷികളേയും ഇഴജന്തുക്കളേയും ജലപ്രളയത്തിൽ നിന്നു പെട്ടകത്തിൽ സംരക്ഷിച്ചതുപോലെയും തിരു സ്നേഹിതനായ അബ്രഹാമിനെ രാജ്മാക്കന്മാരുടെ വാളിൽ നിന്നും രക്ഷിച്ച് അവനേയും അവൻെറ സമ്പത്തുകളേയും അനുഗ്രഹിച്ച പ്രകാരവും സോദോമിലെ അഗ്നിയിൽ നിന്നു ലോത്തിനെ രക്ഷിച്ചതു പോലെയും

ലാബാൻെറ ഭവനത്തിൽ വച്ചു യാക്കോബിനെ കാത്ത് അവനെ വലിയവനാക്കി സമ്പാദ്യങ്ങൾ വദ്ധിപ്പിച്ച് കൊടുത്തതുപോലെയും മെസ്രേമിൽ വച്ച് യൌസേപ്പിനെ രക്ഷിച്ച രാജാവുംനാഥനുമാക്കിത്തീക്കുകയുംഅവൻെറ സമ്പാദ്യവും വരവുകളും വദ്ധിപ്പിക്കയും അപകടങ്ങളിൽ നിന്ന് കാത്തുകൊള്ളുകയും ചെയ്തതു പോലെയും പുണ്യവാനായ ഇയ്യോബിൻെറ സമ്പാദ്യങ്ങൾ അവൻെറ ശിക്ഷയ്ക്കു ശേഷം ഇരട്ടിയായി വദ്ധിപ്പിച്ചതുപോലെയും മോശയേയും ഇസ്രായേൽ ജനത്തേയും സമുദ്രത്തിൽ നിന്നും ഫെറവോനിൽ നിന്നും സംരക്ഷിച്ച പ്രകാരവും മോശയുടെ പ്രാത്ഥനയും അഹറോനൻെറ ധൂപവും ഫിനഹാസിൻെറ വാളും മൂലം ഇസ്രായേലിൽ നിന്ന് കോപവും മരണവും നിരോധിച്ചതു പോലേയും കരുണാപൂണ്ണനും തൻെറ സൃഷ്ടിയോടെ ദയയുള്ളവനുമായ കത്താവേ! തൻെറ ഈ ദാസൻെറ ഭവനത്തിൽ വസിക്കുന്ന എല്ലാവരിൽ നിന്നും കോപ വടികളും കഠിനശിക്ഷകളും വിവധതരരോഗങ്ങളും വ്യാധികളും വലിയ അപകടങ്ങളും കൃപയോടെ നിരോധിക്കണമെ. ദൈവമാതാവായ മറിയാമിൻെറയും നമ്മുടെ പരിശുദ്ധനും ഇന്ത്യയുടെ കാവൽ പിതാവായ പരിശുദ്ധ മാർതോമ്മായുടേയും സകല പരിശുദ്ധന്മാരുടേയും പ്രാത്ഥനകളാൽ ഞങ്ങളിൽ കരുണയും കൃപയും ചെയ്യുമാറാകണമെ. ആമ്മീൻ.

(വെള്ളം വാഴത്തുന്ന പ്രാർത്ഥന)

പുരോഹിതൻ: (അനന്തരം ഭവനത്തിൻെറ വാതിലിൽ കുരിശടയാളം വരച്ചുകൊണ്ടു]്) ഒന്നായിരിക്കുന്ന പിതാവിന്റെയും () പുത്രന്റെയും () പരിശുദ്ധ റൂഹായുടേയും (൭) നാമത്തിൽ ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ ഈ ഭവനം എന്നെന്നേഷ്ക്കും അനുഗ്രഹിക്കപ്പെട്ട് വെടിപ്പുള്ളതായിത്തീരട്ടെ.

മാതാവും ശുദ്ധന്മാരും<br>
അപ്പിക്കും മദ്ധ്യസ്ഥതയാൽ<br>
വാഴ്വൻപോടിവീടിന്നും<br>
വീട്ടാർക്കും നാഥാ! നൽക.

പുരോഹിതൻ: സവ്വശക്തിയുള്ള പിതാവും സ്വഗ്ഗത്തിന്റേയും ഭൂമിയുട്രേയും :

പ്രതിവാക്യം: കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ, സകലത്തിന്റെയും സ്രഷ്ടാവുമായ സത്യ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏക പുത്രനും, സവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യ ദൈവത്തിൽ നിന്നുള്ള സത്യ ദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോടു സമമത്വമുള്ളവനും, സകലവും താൻ മുഖാന്തിരമായി നിമ്മിച്ചവനും, മനുഷ്യരായി ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടിതിരുമനസ്സായപ്രകാരം സ്വഗ്ഗത്തിൽ നിന്നിറങ്ങി, പരിശുദ്ധ റൂഹായാൽ, ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിൽ നിന്ന്, ശരീരിയായിത്തീർന്നു മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിൻെറ ദിവസങ്ങളിൽ ഞങ്ങൾക്കു വേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട, കഷ്ടത അനുഭവിച്ചു മരിച്ച് അടക്കപ്പെട്ട, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ്, സ്വഗ്ഗത്തിലേയ്ക്കു കരേറി, തന്റെ പിതാവിന്റെ വലത്തു ഭാഗത്ത് ഇരുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ, തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ യേശുമിശിഹാ ആയ ഏക കത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കത്താവും, പിതാവിൽ നിന്നു പുറപ്പെട്ടു, പിതാവിനോടും പുര്തനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ, ജീവനും വിശുദ്ധിയുള്ള ഏക റൂഹായിലും കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങള വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസാ ഒരിക്കൽ മാത്രമാകുന്നുവെന്നു ഞങ്ങൾ ഏറ്റു പറഞ്ഞു്, മരിച്ചുപോയവരുടെ ഉയിപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ

ബാറെക്മോർ, സ്തൌമൻ കാലോസ് -കുറിയേലായിസ്സോൻ

നിന്നാൾ സ്കൂതിയൊടു രാജമകൾ ഹാലേലുയ്യ ഹാലേലുയ്യ
നിൻ വലമായ് രാജഭാമിനിയും
നിന്നഴകരചൻ മോഹിപ്പാൻ ഹാലേലുയ്യ ഹാലേലൂയ
നിൻ ജനമോക്കായ്ക പിതൃഗൃഹവും : ബാറെക്മോർ

ഭക്തർ പുകഴ്ചാ ഭാജനമേ!
നിന്നിലുദിച്ചോരേകസുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്യക്കേണം                സ്തൌമൻ കാലേസ് കുറിയേലായിസോൻ

മന്നമകൾക്കായ് ശ്ലോ-മ്മാ വ-
ന്നേകീ-ദുതവരൻ
നിന്നൊടുകൂടെൻ നാഥൻ നി-
ന്നിൽ ത-ന്നുദയമതും : ബാറെക്മോർ

അഖില ജഗൽപതിയെ നായക
നായേറ്റി ഘോഷിച്ച-
ങ്ങതി ബഹുമാനിച്ചു മറിയാം
വലുതാം പടവായ് താൻ.      മോറിയൊ റാഹേമേലൈനു ആദാറൈൻ

മോറാനീശോ! കുരിശും നിൻ
മാതൃജനത്തിൻ പ്രാത്ഥനയും
അടികളെയും നിൻ കോപത്തിൻ
വടികളെയും മായ്ച്ചീടേണം

നീതിഇഞ്ഞൻ പനപോലെ തളിത്തിടുമെ ഹാലേലുയ്യ ഹാലേലുയ്യ
വളരുമവൻ ലെബനോൻ കാരകിൽ പോൽ.
വൃദ്ധതയിലുമവർ തളരിട്ടു തഴച്ചിടുമെ ഹാലേലുയയു ഹാലേലുയ
വദ്ധിക്കുമവർക്കു തുഷ്ടിപുഷ്ഠികളും, ബാറെക്മോർ

ഒരുപോലിങ്ങും (മാത്തോമ്മാ)
ഉണ്ടേമേലും നിന്നോമ്മ
ഉതകണമേ നിൻ പ്രാത്ഥന നിൻ
ഓമ്മയെ ബഹുമാനിച്ചോക്കായ്   സ്തൌമൻ കാലേസ് കുറിയേലായിസോൻ

പ്രാത്ഥനയിൻ സമയമിതല്ലോ (മാർത്തോമ്മാ)
പതിവിൻ പടി നിൻ കൂട്ടത്തലയായ് പ്രാത്ഥിക്ക
ഇമ്പമെഴും നിൻ പാട്ടിൽ ശ്രദ്ധിച്ചീടും നിൻ
ആടുകളെ മൂശേപോൽ തൃക്കൈ വാഴ്ത്തേണം. ബാറെക്മോർ

നിന്നെ വരിച്ചൊരു താതനും (മാർത്തോമ്മാ)
നിന്നോമ്മയെ ബഹുമാനിച്ച സുതനും സ്ന്ോത്രം :

നിന്നേ മുടി ചൂടീടുന്ന റൂഹാ വന്ദ്യൻ
നിൻ പ്രാത്ഥന കൃപയേറ്റട്ടേ ഞങ്ങൾക്കെന്നും

മോറിയൊ റാഹേമേലൈനൂ ആദാറൈൻ

പരിശുദ്ധന്മാരേ നിങ്ങൾ
പ്രാത്ഥിപ്പിൻ കത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ

പുരോഹിതൻ: സ്വഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

പ്രതിവാക്യം: തിരുനാമം പരിശുദ്ധമാകപ്പെടേണമെ. തിരുരാജ്യം വരേണമെ. തിരുവിഷ്ടം സ്വഗ്ഗത്തിലെപോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾ ക്ഷുതരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമെ, തനിക്കു സമാധാനം,

പ്രതിവാക്യം: നമ്മുടെ കത്താവ് തന്നോടു കൂടെ, താൻ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; തൻെറ വയറ്റിൽ ഫലമായ നമ്മുടെ കുത്താവീശോമിശിഹാ വാഴ്ത്തപ്പെവനാകുന്നു. പരിശുദ്ധ കന്യകമത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവം തമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.